നമ്പർ: ബി7. 52106/07

: മണൽ വാരൽ : പാലിക്കേണ്ട നടപടിക്രമങ്ങൾ :

നദികളിൽ നിന്നും വിവേചന രഹിതവും, അനിയന്ത്രിതവുമായ മണൽവാരൽ, നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും, വസ്തുക്കളുടെ നാശനഷ്ടത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുളളതിനാലും, ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നത് നദിയുടെ ജൈവ ഭൗതീക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനാലും, ഭരണപരമായ നിയന്ത്രണ ഉത്തരവുകൾ നിലവിലിരിക്കുന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെന്നുള്ളതിനാലും, പൊതുതാല്പര്യാർത്ഥം നദീതീര സംരക്ഷണത്തിനും, നദികളിൽ നിന്നും മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരുന്നതിനാലും, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 52–ാം സംവത്സരത്തിൽ 2001ലെ 18–ാം ആക്ടായി കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് നിലവിൽ വന്നു.

ഈ ആക്ട് അനുശാസിക്കുംവിധം തൃശൂർ ജില്ലയിൽ നദികളിലെ മണൽവാരൽ നിയന്ത്രിക്കുന്നതിനായി ജില്ലാ വിദഗ്ദ സമിതി നിലവിൽവന്നു. നിലവിലുള്ള സംവിധാനപ്രകാരം പഞ്ചായത്തുകളിൽ നിന്നും ലോറി ഉടമകളും അവരുടെ ഏജന്റുമാർക്കും മാത്രമാണ് പാസ് ലഭിക്കുന്നത്. ഇവരുടെ ദാക്ഷിണ്യത്തിൽ വേണം സാധാരണക്കാരന് വീടുപണിയുന്നതിന് മണൽ ലഭിക്കുവാൻ. ബഹുനില കെട്ടിടവും, വാണിജ്യ സ്ഥാപനങ്ങളും കെട്ടുന്നവർ കൂടുതൽ തുക നൽകി മണൽവാങ്ങുന്നതിന് തയ്യാറായപ്പോൾ മണൽ ഒരുലോഡിന് 15,000 രൂപവരെ വില ഉയരുകയും, സാധാരണക്കാരന് വീടുവെയ്ക്കുവാൻ സാധിക്കാത്ത സ്ഥിതി സംജാതമാകുകയും ചെയ്തു. അനേകം പരാതികൾ പലകോണുകളിൽ നിന്നും ലഭിക്കുകയും ചെയ്തു. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡണ്ടുമാർ, എന്നിവരുമായി ചർച്ച ചെയ്തതിൽ മണൽ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതായിരിക്കും ഏറ്റവും ഉചിതമാർഗ്ഗമെന്ന് കാണുകയും അതനുസരിച്ച് തലപ്പിള്ളി താലൂക്കിനോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് വീടുവെയ്ക്കുന്നതിന് നേരിട്ട് മണൽ ബുക്ക്ചെയ്യുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ജില്ലാ വിദഗ്ദ സമിതി 25.09.2007നും തുടർന്ന് വിവിധ തിയതികളിലും യോഗം ചേർന്നിട്ടുള്ളതാണ്. യോഗങ്ങളിൽ താഴെപറയുന്ന നിബന്ധനകൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

01: ഈ സീസണിൽ മണലിന്റെ സ്റ്റാന്റേർഡ് വില 2,000 (രണ്ടായിരം) രൂപയും, 4% വാറ്റും ആയി നിശ്ചയിച്ചു.

02: അപേക്ഷകർ ലോഡ് ഒന്നിന് 10 രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീ നൽകേണ്ടതാണ്.

03: പുതുതായി വീടുകൾ പണിയുന്ന ഒരാൾക്ക് പരമാവധി 8 ലോഡ് മണൽ അനുവദിക്കുന്നതാണ്.

04: നിശ്ചിത അപേക്ഷാ ഫോമിൽ തന്നെയായിരിക്കണം മണലിന് അപേക്ഷിക്കേണ്ടത്. മണൽ ബുക്കിങ്ങിനുള്ള അപേക്ഷയോടൊപ്പം പഞ്ചായത്ത് സെക്രട്ടറി നൽകിയ കെ.എം.ബി.ആർ. രജിസ്ട്രേഷൻ നമ്പർ സഹിതമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.

05: വിദേശത്ത് ജോലിചെയ്യുന്നവരിൽ തിരിച്ചറിയൽ കാർഡ് ഇല്ലെങ്കിൽ അവരുടെ ഏറ്റവും അടുത്ത ബന്ധുവിന്റെ ഐഡന്റിറ്റി കാർഡ് ഉപയോഗിക്കാവുന്നതാണ്. വിദേശത്ത് ജോലിചെയ്യുന്നവരുടെ കാര്യത്തിൽ ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത്, അയാൾ വിദേശത്താണെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം, പാസ്പോർട്ടിന്റെ കോപ്പി, വിദേശത്തുള്ള വ്യക്തി അപേക്ഷിക്കുന്ന വ്യക്തിയെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്ത് എന്നിവ ഹാജരാക്കേണ്ടതാണ്.

06: വീടുപണി, റിപ്പയർ എന്നിവയ്ക്ക് മണൽ ആവശ്യമുള്ളവർ ആദ്യമെ തന്നെ ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ രണ്ട്പ്രതി തലപ്പിള്ളി താലൂക്കാഫീസിൽ ഹാജരാക്കി അതിൽ 'ക്യൂ' ടോക്കൺ നമ്പർ വാങ്ങിക്കേണ്ടതാണ്. ആ നമ്പറിൽ പറഞ്ഞിട്ടുള്ള വ്യക്തിയ്ക്ക് മാത്രമേ നിശ്ചയിച്ച ദിവസം മണൽ ബുക്കുചെയ്യുവാൻ പാടുള്ളൂ. ക്യൂ ടോക്കൺ കൈമാറുവാൻ പാടുള്ളതല്ല.

07: വീട് റിപ്പയർ ചെയ്യുന്നതിന് അപേക്ഷിക്കുന്ന കേസുകളിൽ ഏറ്റവും പുതിയ വീട്ടുനികുതി അടച്ചതിന്റെ പകർപ്പ് വെയ്ക്കേണ്ടതാണ്. വീട് റിപ്പയർ ചെയ്യേണ്ട ആവശ്യകത പഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പൽ സെക്രട്ടറിമാർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഇത്തരം കേസ്സുകളിൽ 1000 സ്ക്വയർ ഫീറ്റിന് താഴെയുള്ള വീടുകൾക്ക് 1 ലോഡ് മണൽ മാത്രമേ അനുവദിക്കൂ. അതിൽകൂടുതൽ ഉള്ളതിന് രണ്ടുലോഡും അനുവദിക്കുന്നതാണ്.

08: കെ.എം.ബി.ആർ. നിയമം നടപ്പിലാവുന്നതിന് മുമ്പ് പണി തുടങ്ങിയിട്ടുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തറയ്ക്ക് മുകളിൽ പണി തുടങ്ങിയിട്ടുണ്ടെങ്കിൽ പരമാവധി 3 ലോഡും തറ മാത്രം പണിതിട്ടുള്ളവർക്ക് പരമാവധി 6 ലോഡും അനുവദിക്കാവുന്നതാണ്. ഇക്കാര്യങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കണം.

09: ആകെ ഖനനംചെയ്യുന്ന മണലിന്റെ 25 ശതമാനത്തിൽ 10 ശതമാനം കടവുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തുകളുടെ ആവശ്യങ്ങൾക്കായും, ബാക്കി 15 ശതമാനം ജില്ലയിലെ സർക്കാർ മരാമത്തുകൾക്കും പൊതുസ്ഥാപനങ്ങൾക്കും അനുവദിയ്ക്കും.

10: പഞ്ചായത്തിന് അനുവദിച്ച 10 ശതമാനം ക്വാട്ടയിൽ നിന്നും സൈനികർക്ക് മണൽ അനുവദിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. സൈന്യത്തിൽ സേവനം അനുഷ്ടിക്കുന്നവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.

11: അമ്പലം, പള്ളി മുതലായ സ്ഥാപനങ്ങൾക്കും, സംരംഭങ്ങൾക്കും, പൊതു ആവശ്യങ്ങൾക്കും വീടുപണിയുന്നതിനും നീക്കിവെച്ചിട്ടുള്ള മണൽ ക്വാട്ടയിൽ ബാക്കിവരുന്നവയിൽ നിന്നും നൽകുന്നതാണ്. ഇതിന് ജില്ലാ കളക്ടർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന കെ.എം.ബി.ആർ. പ്രകാരം നൽകിയ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കണം.

12: മണൽ എടുക്കുന്ന ദിവസങ്ങളിൽ എല്ലാ കടവുകളിൽ നിന്നും ഉച്ചയ്ക്ക് 12 മണിയ്ക്ക് മുമ്പായി മണൽ ലോറിയിൽ കയറ്റേണ്ടതാണ്.

13: രാവിലെ 6 മണിയ്ക്കുമുമ്പും, വൈകുന്നേരം 3 മണിയ്ക്കുശേഷവും യാതൊരു മണൽ ഖനനപ്രവർത്തനവും നടത്തുവാൻ പാടില്ലാത്തതാണ്.

14: മണലിന് പാസ് ലഭിച്ചിട്ടുള്ളവർക്ക് ലോറി ആവശ്യമുള്ളപക്ഷം കടവുകൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളെ സമീപിച്ചാൽ ലോറി ലഭിക്കുന്നതാണ്.

15: ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം അനുവദിക്കുന്ന മണൽ ഏത് കടവിൽ നിന്നാണോ എടുക്കുന്നത്, ആ കടവ് ഉൾപ്പെടുന്ന പഞ്ചായത്തിൽ രജിസ്റ്റർചെയ്തിട്ടുള്ള ലോറികളിൽ മാത്രമേ മണൽ എടുക്കുവാൻ പാടുള്ളൂ.

16: യാതൊരു കാരണവശാലും നിശ്ചിത അളവിൽ കൂടുതൽ മണൽ ലോറിയിൽ കയറ്റുവാൻ
പാടുള്ളതല്ല.

17: നിശ്ചയിച്ചിട്ടുള്ള ദിവസം മണൽ എടുക്കുവാൻ സാധിച്ചില്ലെങ്കിൽ കാരണം ന്യായമാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് അടുത്ത 3 ദിവസം വരെ കാലാവധി നീട്ടികൊടുക്കാവുന്നതാണ്.

18: പൊതുആവശ്യങ്ങൾ ഒഴികെയുള്ള ഗാർഹികേതര ആവശ്യങ്ങൾക്കുള്ള മണൽ ലോക്കൽ ബോഡികൾക്ക് അനുവദിച്ചിട്ടുള്ള ക്വാട്ടയിൽ നിന്നും പരിഗണിക്കാവുന്നതാണ്. ആയതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം കൊണ്ടാ

ഴി, തിരുവില്വാമല, പാഞ്ഞാൾ, ദേശമംഗലം, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിൽ ഏതെങ്കിലും ഒന്നിൽ നൽകേണ്ടതാണ്.

19: മണൽ വാരൽ തൊഴിലാളികൾ അമിതകൂലി വാങ്ങിയാൽ അവരുടെ രജിസ്ട്രേഷൻ റദ്ദാക്കൽ / കടവ് അടയ്ക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

20: രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതായിരിക്കും. ഐഡന്റിറ്റി കാർഡ് ഇല്ലാത്ത തൊഴിലാളികളെ മണൽ കയറ്റുന്നതിന് അനുവദിക്കുകയില്ല.

21: മണൽ ബുക്ക്ചെയ്യുമ്പോൾ ഉപഭോക്താക്കൾ മണൽകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്ന ലോറിയുടെ നമ്പർ കൂടി നൽകേണ്ടതാണ്. ഈ നമ്പർ ടോക്കണിൽ ചേർക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ ടി ലോറി ലഭ്യമായില്ലെങ്കിൽ പഞ്ചായത്തിൽ രജിസ്റ്റർചെയ്ത ലോറികൾ ഉപയോഗിക്കാവുന്നതാണ്.

22: ഒരു വ്യക്തിയ്ക്ക് ലഭിക്കുന്ന മണൽ പാസ്സ് യാതൊരു കാരണവശാലും കൈമാറുവാൻ പാടുള്ളതല്ല. പാസ്സ് മൂന്നുവർഷമോ, അല്ലെങ്കിൽ മണൽ ഉപയോഗിച്ച് തീരുകയൊ ഏതാണ് കൂടുതലെന്നുവെച്ചാൽ അതുവരെ സൂക്ഷിക്കേണ്ടതാണ്.

ആറ്റുമണൽ അമൂല്യമാണ്. അത് ദുരുപയോഗം ചെയ്യാതിരിക്കാനും, വീട് എന്ന അടിസ്ഥാന ആവശ്യം നിറവേറ്റുന്നതിന് സാധാരണക്കാരന് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ജില്ലാ ഭരണകൂടം ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ആയത് പാലിക്കുവാൻ ഏവരും ബാദ്ധ്യസ്ഥരാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ നിർദ്ദേശങ്ങൾ കർശനമായും നടപ്പാക്കേണ്ടതാണ്.

ജില്ലാ കളക്ടർ.